**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **31-08-2022 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി - പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി - പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽക്ുകയും, പ്രീക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറവു തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട് . ടി പ്രവർത്തി യുടെ എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 28/07/2022 ൽ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്നും കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമായിട്ടുണ്ട് . |
| (ബി) | ഇത് സംബന്ധിച്ച് ഹാർബർ എഞ്ചനീയറിംഗ് വകുപ്പ് മുഖേന കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിച്ച സി.ആർ.ഇസഡ്. അനുമതിക്കായുള്ള അപേക്ഷയിൽ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | ഉണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ അനുമതിയ്ക്കായുള്ള അപേക്ഷ കേരള തീരദേശ പരിപാലന അതോറ്റിയുടെ 26.2.2022 തീയതിയിൽ നടന്ന 120-ാം മീറ്റിംഗിൽ പരിഗണിക്കുകയും 2011 കോസ്റ്റൽ റെഗുലേഷൻ സോൺ വിജ്ഞാപനത്തിലെ ക്ലോസ് 3 (IV)(b) -ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം അംഗീകൃത ഏജൻസി സൂക്ഷ്മ പരിശോധന നടത്തിയ ഹൈഡ്രോളിക് മോഡലിംങ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകുവാൻ തീരുമാനിക്കുകയും ഉണ്ടായി.<br><br>തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സാങ്കേതിക റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 02.04.2022-ൽ നടന്ന 121-ാമത് യോഗം പരിശോധിക്കുകയും അംഗീകൃത ഏജൻസിയെക്കൊണ്ട് ടി പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | മാതൃകാപഠനം സൂക്ഷ്മ പരിശോധന നടത്താൻ കേരള തീരദേശ പരിപാലന അതോറിറ്റി നിർദ്ദേശിക്കുകയും ചെയ്തു. നിർദ്ദിഷ്ട പുതിയങ്ങാടി ഫിഷിംഗ് ഹാർബറിന്റെയും, നിർദ്ദിഷ്ട ഹാർബറിന്റെ 1.5 കി.മീ വടക്ക് ഭാഗത്തെ അഴിമുഖ പ്രവൃത്തിയും ഉൾപ്പെടെയുള്ള മാതൃകാ പഠനമാണ് സി.ഡബ്ല്യൂ.പി.ആർ.എസ് നടത്തിയിട്ടുള്ളത്. ആർ.കെ.ഐ. പദ്ധതിയിൽ അനുമതി ലഭിച്ചതിനാൽ ഇതിൽ അഴിമുഖ ട്രെയിനിംഗ് പ്രവൃത്തിയ്ക്ക് മാത്രമാണ് കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിനായി കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് അപേക്ഷ സമർപ്പിച്ചത്. 09/05/2022 ൽ സി.ഡബ്ല്യൂ.പി.ആർ.എസ് ൽ നിന്നും ഇത് സംബന്ധിച്ച ക്ലാരിഫിക്കേഷൻ ലഭിക്കുകയും അന്നേ ദിവസം തന്നെ ആയത് കേരള തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കുകയും തുടർന്ന് 28/07/2022 ലെ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ യോഗത്തിൽ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിന് അംഗീകാരം ലഭിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ